REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 01-07-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- രാജ്യത്ത് മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ ഇന്ന് പ്രാബല്യത്തിൽ വരും. IPC അടക്കം മൂന്ന് നിയമങ്ങൾ ചരിത്രത്തിലേക്ക്.
- സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ഇന്ന് തുടക്കം. സംസ്ഥാനതല ഉദ്ഘാടനം ഉച്ചയ്ക്ക് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.
- ഭൂമി തരം മാറ്റൽ നടപടി വേഗത്തിലാക്കുന്നതിന് താലൂക്ക് തല വികേന്ദ്രീകരണ സംവിധാനം ഇന്ന് നിലവിൽ വരും.
- സംസ്ഥാന ഹജ്ജ് കമ്മറ്റി മുഖേന ഹജ്ജിന് പോയവരുടെ മടക്കയാത്ര ഇന്നാരംഭിക്കും. ആദ്യ വിമാനം കോഴിക്കോട്ടേക്ക്.
- തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ ജില്ലകൾക്ക് ഇന്ന് 75-ാം പിറന്നാൾ
- യൂറോകപ്പ് ഫുട്ബോളിൽ സ്പെയിനും ഇംഗ്ലണ്ടും ക്വാർട്ടറിൽ.

## വാർത്തകൾ വിശദമായി

രാജ്യത്ത് മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ ഇന്ന് പ്രാബല്യത്തിൽ വരും. ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധീനിയം, എന്നിവയാണ് ഇന്ന് പ്രാബല്യത്തിൽ വരുന്നത്. 164 വർഷം പഴക്കം വരുന്ന ഇന്ത്യൻ ശിക്ഷാനിയമം അടക്കം മൂന്നു നിയമങ്ങൾ ഇതോടെ ചരിത്രമായി.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)....

പാർലമെന്റിൽ കഴിഞ്ഞ ശീതകാല സമ്മേളനത്തിലാണ് ഈ ബില്ലുകൾ പാസാക്കിയത്. ഇന്ത്യൻ പൗരന്മാരെ ശാക്തീകരിക്കുന്നതിനു സുപ്രധാന ചുവടുവെപ്പാണ് പുതിയ ക്രിമിനൽ നിയമങ്ങൾ. സംഭവങ്ങൾ ഓൺലൈനായി റിപ്പോർട്ടുചെയ്യാമെന്നതും, ഏത് പൊലീസ് സ്റ്റേഷനിലും FIR ഫയൽ ചെയ്യാമെന്നതും, ഇരകൾക്ക് FIR ന്റെ സൗജന്യ പകർപ്പ് ലഭിക്കുന്നതും പുതിയ ക്രിമിനൽ നിയമങ്ങളിലെ പ്രധാന വ്യവസ്ഥകളിൽ പെടുന്നു.

പുതിയ നിയമങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനും മുൻഗണന നൽകി, വിവരങ്ങൾ രേഖപ്പെടുത്തി രണ്ട് മാസത്തിനുള്ളിൽ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ഉറപ്പാക്കുന്നു.

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും, ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷനും, CFI കളും, സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇന്ന് ഏകദിന പരിപാടികൾ സംഘടിപ്പിക്കും.

✪✪✪

വിദേശകാര്യമന്ത്രി ഡോക്ടർ എസ് ജയശങ്കർ ഖത്തർ പ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ മൊഹമ്മദ് ബിൻ അബ്ദുൽ റഹ്മാൻ ബിൻ ജാസ്സിം അൽതാനിയുമായി ദോഹയിൽ കൂടിക്കാഴ്ച നടത്തി. രാഷ്ട്രീയം, വ്യാപാരം, നിക്ഷേപം, ഊർജ്ജം, സാങ്കേതികവിദ്യ, സംസ്കാരം, ജനങ്ങൾ തമ്മിലെ ബന്ധം തുടങ്ങിയവയിൽ ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്തും. ഇന്ത്യ -ഖത്തർ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് പരസ്പര താൽപ്പര്യ വിഷയങ്ങളിൽ ചർച്ചകൾ തുടരുമെന്ന് പ്രതീക്ഷിക്കുന്നതായും എസ് ജയശങ്കർ അറിയിച്ചു.

✪✪✪

രാജ്യത്തിന്റെ കയറ്റുമതിയിലെ ആരോഗ്യകരമായ വർധന നിലവിലെ കമ്മി മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനം വിപുലീകരിക്കുന്നതിനും സമ്പദ് വ്യവസ്ഥയിലെ വളർച്ചാ നിരക്ക് കൂട്ടുന്നതിനും സഹായകരമാണെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. മുംബൈയിൽ ജ്വല്ലറി വ്യവസായികളുടെ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഈ സാമ്പത്തിക വർഷം രാജ്യത്തിന്റെ ചരക്കു സേവന കയറ്റുമതി 800 ബില്യൺ ഡോളർ കടക്കുമെന്നും പിയൂഷ് ഗോയൽ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് 'വിജ്ഞാനോത്സവ'ത്തോടെ ഇന്ന് തുടക്കമാകും.

നാലുവർഷ ബിരുദത്തിന്റെ സമാരംഭവും സംസ്ഥാനതല വിജ്ഞാനോത്സവവും മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം ഗവ. വിമൻസ് കോളേജിൽ ഉച്ചക്ക് നടക്കുന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി ഡോ. R ബിന്ദു അധ്യക്ഷത വഹിക്കും. സംസ്ഥാനത്തെ ക്യാമ്പസുകളിലും 'വിജ്ഞാനോത്സവം' ആഘോഷിക്കും.

മൂന്നുവർഷം കഴിയുമ്പോൾ ബിരുദം നേടി എക്സിറ്റ് ചെയ്യാനും, താൽപര്യമുള്ളവർക്ക് നാലാം വർഷം തുടർന്ന് 'ഓണേഴ്സ്' ബിരുദം നേടാനും, ഗവേഷണത്തിൽ താൽപര്യം ഉള്ളവർക്ക് 'ഓണേഴ്സ് വിത്ത് റിസർച്ച്' ബിരുദം നേടാനും കഴിയുന്ന തരത്തിലാണ് നാലു വർഷ ബിരുദ പ്രോഗ്രാം തയ്യാറാക്കിയിരിക്കുന്നത്.

✪✪✪

ഭൂമിതരംമാറ്റൽ നടപടി വേഗത്തിലാക്കുന്നതിന് താലൂക്ക്തല വീകേന്ദ്രീകരണ സംവിധാനം ഇന്ന് നിലവിൽ വരും. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ മന്ത്രി K.രാജൻ നിർവഹിക്കും.

സംസ്ഥാനത്തെ ഭൂമി തരംമാറ്റൽ അപേക്ഷകളുടെ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് മാത്രമുണ്ടായിരുന്ന അധികാരങ്ങൾ നിയമഭേദഗതിയിലൂടെ ഡെപ്യൂട്ടി കളക്ടർമാർക്ക് കൂടി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി നിലവിൽ നടത്തി വരുന്ന ഭൂമി തരം മാറ്റൽ നടപടികൾ വീകേന്ദ്രീകരിച്ച് താലൂക്കടിസ്ഥാനത്തിൽ 71 ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകും. ഭൂമിതരം മാറ്റൽ നടപടികൾ അതിവേഗത്തിലാക്കുന്നതിനായി ആവശ്യമായ സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും ജീവനക്കാരുടെ നിയമനങ്ങളും പൂർത്തിയായിട്ടുണ്ട്.

✪✪✪

ഈ വർഷത്തെ വനമഹോത്സവത്തിന് ഇന്ന് തുടക്കമാവും. ഈ മാസം ഏഴുവരെ നീണ്ടുനിൽക്കുന്ന സംസ്ഥാനതല വനമഹോത്സവം നാളെ തിരുവനന്തപുരത്ത് മന്ത്രി എ കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. പാരിസ്ഥിതിക സന്തുലിതാവസ്ഥയും പരിസ്ഥിതി സംരക്ഷണവും വനവൽക്കരണവും പ്രോത്സാഹിപ്പിക്കുകയാണ് വന മഹോത്സവം ലക്ഷ്യമിടുന്നത്. 'ഒരു ഭൂമി ഒരു കുടുംബം ഒരു ഭാവി' എന്ന രാജ്യത്തിന്റെ നിലപാട് ഉയർത്തിപ്പിടിക്കുന്നതിന് 1950 ൽ കേന്ദ്ര കൃഷി മന്ത്രിയായിരുന്ന ഡോക്ടർ K.M മുൻഷിയാണ് വനോത്സവം ഒരു ദേശീയ പ്രവർത്തനമായി വിഭാവനം ചെയ്തത്.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് കർമ്മത്തിന് പോയവരുടെ മടക്കയാത്ര ഇന്ന് ആരംഭിക്കും. കോഴിക്കോട്, കണ്ണൂർ, കൊച്ചി വിമാനത്താവളങ്ങൾ വഴി ഹജ്ജിന് പോയ തീർത്ഥാടകരിൽ കോഴിക്കോട് നിന്ന് യാത്ര തിരിച്ച ഹാജിമാരാണ് ഇന്നു മുതൽ മടങ്ങിയെത്തുന്നത്. മദീനയിൽ നിന്നാണ് ഹാജിമാരുടെ മടക്ക യാത്ര. എയർ ഇന്ത്യ എക്സ്പ്രസ്സിന്റെ ആദ്യ വിമാനം വൈകീട്ട് 3.25ന് കരിപ്പൂരിലെത്തും. 166 ഹാജിമാരാണ് ആദ്യ വിമാനത്തിൽ എത്തുന്നത്. രണ്ടാമത്തെ സർവീസ് തന്നെ രാത്രി 8.25 ന് എത്തും.

കൊച്ചിയിൽ നിന്നും കണ്ണൂരിൽ നിന്നും പോയ ഹാജിമാർ ഈ മാസം പത്തു മുതലാണ് തിരിച്ചെത്തുന്നത്. കൊച്ചിൻ എമ്പാർക്കേഷൻ പോയിന്റിലേക്ക് ആദ്യ വിമാനം 10ന് രാവിലെ 10.35നും, കണ്ണൂരിലെ ആദ്യ സർവ്വീസ് ഉച്ചക്ക് 12 നുമാണ് എത്തുന്നത്. ഈ മാസം 22-നാണ് അവസാന സർവ്വീസ്.

✪✪✪

തിരു- കൊച്ചി ലയനത്തിന് ഇന്ന് എഴുപത്തിയഞ്ച് വർഷം പൂർത്തിയായി. രണ്ടു രാജ്യങ്ങളായിരുന്ന തിരുവിതാംകൂറും കൊച്ചിയും 1949 ജൂലൈ ഒന്നിനാണ് പരസ്പരം ലയിച്ചു തിരുവനന്തപുരം തലസ്ഥാനമാക്കി ഒറ്റ രാജ്യമായി തീർന്നത്.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ കേരളം ഏറെ കാലം മൂന്നായി വിഭജിക്കപ്പെട്ടു കിടക്കുകയായിരുന്നു. ബ്രിട്ടീഷുകാർ നേരിട്ട് ഭരിച്ചിരുന്ന മലബാർ 1947ൽ സ്വാതന്ത്ര്യമാവുകയും പിന്നീട് മദ്രാസ് പ്രവിശ്യയുടെ ഭാഗമാവുകയും ചെയ്തു. അതിന് ശേഷം മലബാർ ജില്ലയും തെക്കൻ കാനറ ജില്ലയിലെ കാസർക്കോട് താലൂക്കും

തിരുക്കൊച്ചിയോട് ചേർത്താണ് 1956 നവമ്പർ ഒന്നിന് ഐക്യകേരളം നിലവിൽ വന്നത്.

✪✪✪

തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ ജില്ലകൾക്ക് ഇന്ന് 75 -ാം പിറന്നാൾ. 1949 ജൂലൈ ഒന്നിന് നടന്ന തിരു-കൊച്ചി ലയനത്തോടെയാണ് ഇവയ്ക്ക് ജില്ലാ പദവി ലഭിച്ചത്.

1949 ജൂലൈ ഒന്നിന് കൊല്ലം ഡിവിഷൻ കൊല്ലം ജില്ലയായി മാറി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നീരജ് ലാൽ.

...............(വോയ്സ്)..................

✪✪✪

കോട്ടയത്തിന്റെ എഴുപത്തഞ്ചാം പിറന്നാൾ ആഘോഷത്തിന് കേക്ക് മുറിച്ച് ഇന്ന് കളക്ട്രേറ്റിൽ തുടക്കം കുറിയ്ക്കും. രാവിലെ 10.45 ന് കളക്ട്രേറ്റ് അങ്കണത്തിൽ ജില്ലാ കളക്ടർ വി. വിഗ്നേശ്വരിയുടെ നേതൃത്വത്തിലാണ് ആഘോഷ പരിപാടികൾ ആരംഭിക്കുന്നത്.

ജില്ലാഭരണകൂടം ഇന്നു മുതൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

✪✪✪

പാരിസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് 140 കോടി ഇന്ത്യക്കാരുടെ അനുഗ്രഹവും ആശംസകളും ഉണ്ടെന്ന് കേന്ദ്ര കായിക മന്ത്രി ഡോക്ടർ മൻസൂഖ് മാണ്ഡവ്യ ന്യൂഡൽയിൽ പറഞ്ഞു. പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന കായിക താരങ്ങളുടെ സെറിമോണിയൽ ഡ്രസ്സും പ്ലെയിങ് കിറ്റും പുറത്തിറക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ്സിങ് പുരിയും ഇന്ത്യൻ ഒളിമ്പിക്സ് അസ്സോസിയേഷൻ പ്രസിഡണ്ട് പി ടി ഉഷയും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

യൂറോകപ്പ് ഫുട്ബോളിൽ സ്പെയിനും ഇംഗ്ലണ്ടും ക്വാർട്ടറിൽ പ്രവേശിച്ചു. പ്രീക്വാർട്ടറിൽ, ജോർജിയയെ ഒന്നിനെതിരെ നാലു ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് സ്പെയിൻ ക്വാർട്ടറിലേക്ക്

ജയിച്ചു കയറിയത്. ക്വാർട്ടറിൽ ആതിഥേയരായ ജർമ്മനിയാണ് സ്പെയിനിന്റെ എതിരാളികൾ.

എക്സ്ട്രാ സമയത്തേക്ക് നീണ്ട അത്യന്തം ആവേശകരമായ പോരാട്ടത്തിൽ സ്ലൊവാക്യയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തകർത്താണ് ഇംഗ്ലണ്ട് ക്വാർട്ടറിലെത്തിയത്. ക്വാർട്ടറിൽ ഇംഗ്ലണ്ട് സ്വിറ്റ്സർലൻഡിനെ നേരിടും.

✪✪✪

ബാർബഡോസിൽ ICC പുരുഷ ട്വന്റി - 20 ലോകകപ്പ് നേടിയ ഇന്ത്യൻ ടീമിന് BCCI 125 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ചു. BCCI സെക്രട്ടറി ജയ് ഷായാണ് സമ്മാനത്തുക പ്രഖ്യാപിച്ചത്. ടീമിന്റെ ശക്തമായ പ്രവർത്തന നൈതികതയെയും BCCI സെക്രട്ടറി പ്രശംസിച്ചു.

✪✪✪

പഞ്ച്കുളയിൽ ദേശീയ അന്തർ സംസ്ഥാന സീനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 100 മീറ്റർ ഹർഡിൽസിൽ ഇന്ത്യയുടെ ജ്യോതി യർരാജി സ്വർണ്ണം നേടി. 13 മിനിറ്റ് 6 സെക്കൻഡിലാണ് ജ്യോതിയുടെ ജയം. പുരുഷന്മാരുടെ 110 മീറ്റർ ഹർഡിൽസിൽ തേജസ് ഷിർസെ 13 മിനിറ്റ് 54 സെക്കൻഡിൽ സ്വർണ്ണം നേടി.

ജ്യോതിയും തേജസും പാരിസ് ഒളിമ്പിക്സിന് യോഗ്യത നേടാൻ സാധ്യത വർദ്ധിച്ചു.

✪✪✪

സംസ്ഥാന സാക്ഷരതാമിഷൻ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ഉല്ലാസ്-ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായി സാക്ഷരതാമേള സംഘടിപ്പിക്കും. ഈ മാസം 14, 15 തീയതികളിൽ പാലക്കാട് നടക്കുന്ന ഉല്ലാസ് മേളയുടെ വിജയകരമായ നടത്തിപ്പിന് ഇന്ന് വൈകിട്ട് മൂന്ന് മണിക്ക് പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ സ്വാഗതസംഘ രൂപീകരണയോഗം ചേരും.

കാലാനുസൃതമായ സാക്ഷരത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയോജിത പദ്ധതിയായ ഉല്ലാസിന്റെ ആഭിമുഖ്യത്തിൽ സാക്ഷരതാമേള സംഘടിപ്പിക്കുന്നത്. മേളയിൽ ന്യൂ ഇന്ത്യാ ലിറ്ററസി പ്രോഗ്രാം - ഉല്ലാസ് മികവുത്സവ വിജയികളെ ആദരിക്കും. സാക്ഷരതാപരീക്ഷാ വിജയികൾക്ക് സർട്ടിഫിക്കറ്റും വിതരണം ചെയ്യും. പഠിതാക്കളുടെ കലാപരിപാടികൾ, സെമിനാറുകൾ എന്നിവ ഉല്ലാസ് മേളയോടനുബന്ധിച്ച് നടക്കും.

✪✪✪

പ്രവാസി ലീഗൽ സെല്ലിന്റെ ഈ വർഷത്തെ വിവരാവകാശ പുരസ്കാരം കേരള വിവരാവകാശ കമ്മീഷ്ണർ ഡോ. A.A ഹക്കിമിന്. ലോകത്തെവിടെയുമുള്ള പ്രവാസികളുടെ നിയമ സഹായത്തിനും ക്ഷേമത്തിനും വിവരാവകാശ നിയമത്തിന്റെ പ്രചാരത്തിനും ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സംഘടനയായ പ്രവാസി ലീഗൽ സെല്ലിന്റെ പ്രഥമ വൈസ് പ്രസിഡണ്ട് കെ.പത്മനാഭന്റെ സ്മരണാർത്ഥമാണ് പുരസ്കാരം. വിവരാവകാശ നിയമത്തിന്റെ വ്യാപ്തി വിപുലമാക്കുകയും ജനപക്ഷത്തുനിന്ന് നിയമത്തെ വ്യാഖ്യാനിക്കുകയും രചനാത്മകമായ വിധിന്യായങ്ങളിലൂടെ നിയമം ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യുന്നതാണ് കമ്മീഷണർ എന്ന നിലയിൽ  ഡോ. ഹക്കിമിന്റെ പ്രവർത്തനമെന്ന് വിധി നിർണ്ണയ സമിതി വിലയിരുത്തി.

✪✪✪

ദേശീയ ഡോക്ടേഴ്സ് ദിനം ഇന്ന് രാജ്യമെങ്ങും ആഘോഷിക്കുന്നു. ഫിസിഷനും പശ്ചിമബംഗാളിലെ ആദ്യ മുഖ്യമന്ത്രിയുമായിരുന്ന ഡോ. B C റോയിയുടെ ജന്മദിനമാണ് ഡോക്ടേഴ്സ് ദിനമായി ആഘോഷിക്കുന്നത്.

✪✪✪